പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ 115

12.3.2015 ലെ മറുപടിയ്ക്ക്

## എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ

| | ചോദ്യം<br>ശ്രീ.മോൻസ് ജോസഫ്<br>,, റ്റി.യു.കുരുവിള<br>,, തോമസ് ഉണ്ണിയാടൻ<br>,, സി.എഫ്.തോമസ് | | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസവകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്; | (എ) | ഉണ്ട്, എയ്ഡഡ് സ്കൂൾ നിയമനങ്ങൾ അംഗീകരിക്കുന്നതിന് ആവശ്യമായ തസ്തികനിർണ്ണയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ജി.ഒ(പി) 313/13/പൊവിവ, ജി.ഒ(പി)124/14/പൊവിവ, എന്നിവ പ്രകാരവും ജി.ഒ(പി) 278/14/പൊവിവ പ്രകാരവും പുറപ്പെടുവിച്ചുവെങ്കിലും ബഹു.ഹൈക്കോടതി WP(C) 30107/13 നമ്പർ കേസിലെ 15.1.2015 ലെ വിധിയിലൂടെ അധ്യാപകപാക്കേജും തസ്തികനിർണ്ണയം സംബന്ധിച്ച അനുബന്ധ സർക്കാർ ഉത്തരവുകളും റദ്ദുചെയ്തിട്ടുണ്ട്. ഇതിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സത്വര നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |
| (ബി) | അധ്യാപകർക്കും ജീവനക്കാർക്കും ശമ്പളം നൽകാത്തതു മൂലം വർഷങ്ങളായി എയ്ഡഡ് മേഖലയിലെ ജീവനക്കാർ അനുഭവിക്കുന്ന വിഷമതകൾ പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കും; വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിക്കുകയും, വിവിധ കാരണങ്ങളാൽ നിയമനാംഗീകാരവും ശമ്പളവുമില്ലാതെ തുടർന്നിരുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും 01.06.2011 മുതൽ നൽകുന്നതിനും കുട്ടികളുടെ കുറവ് മൂലം സർവ്വീസിൽ നിന്നും പുറത്തുപോയ അദ്ധ്യാപകർക്ക് പുനർനിയമനം നൽകുകയും ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയാണ് അദ്ധ്യാപക പാക്കേജ് പ്രഖ്യാപിച്ചത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രശ്നരഹിതമായ അദ്ധ്യാപകസമൂഹം അത്യാവശ്യഘടകമാണെന്നതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലും എയ്ഡഡ് സ്കൂൾ നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും പാക്കേജ് ലക്ഷ്യമിട്ടിരുന്നു. ശമ്പളമില്ലാതെ ജോലിയിലിരുന്ന 3361 അദ്ധ്യാപകർക്കും റിട്രെഞ്ച്ഡ് ആയ 1462 അദ്ധ്യാപർക്കും അദ്ധ്യാപക പാക്കേജിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. എന്നാൽ ബഹു.ഹൈക്കോടതി 30107/13 എന്ന കേസിലെ 15.1.2015 ലെ വിധിയിലൂടെ അധ്യാപകപാക്കേജും അനുബന്ധ ഉത്തരവുകളും നിലവിൽ റദ്ദുചെയ്തിട്ടുണ്ട്. ഇതിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ